## പ്രസിദ്ധീകരണത്തിന്

സി.പി.എം. സംസ്ഥാനസെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ പ്രതികരണങ്ങൾ അതിരുകടന്നുപോകുന്നുണ്ട്. ഇപ്പോഴത്തെ പ്രതികരണത്തിന് തക്ക മറുപടി കൊടുക്കാൻ അറിയാൻമേലാഞ്ഞിട്ടല്ല, അതിനുള്ള സംസ്കാരമല്ല എൻ.എസ്.എസ്സിനുള്ളത്. അധികാരം കയ്യിലുണ്ടെന്നുവച്ച് എന്തും പറയാമെന്ന വിചാരം ആർക്കും നന്നല്ല, അതിനെ ഭയപ്പെടുന്നുമില്ല. കഴിഞ്ഞകാലങ്ങളിൽ പരസ്പരമാന്യതയോടുകൂടി പ്രവർത്തിച്ചിരുന്നവർ ഇന്ന് രണ്ടുപക്ഷത്താകാൻ കാരണം വിശ്വാസസംരക്ഷണകാര്യത്തിലുള്ള വൈരുദ്ധ്യത മാത്രമാണ്. ഇക്കാര്യത്തിൽ എൻ.എസ്.എസ്. നിലപാട് വ്യക്തമാണ്. അതിന്റെ പേരിൽ നേതൃത്വത്തെ അപമാനിക്കാനോ എൻ.എസ്. എസ്സിൽ ചേരിതിരിവുണ്ടാക്കാനോ ഉള്ള ശ്രമം ആരുടെഭാഗത്തുനിന്നുണ്ടായാലും അതിനെ അതിജീവിക്കാനുള്ള സംഘടനാശേഷിയും കെട്ടുറപ്പും എൻ.എസ്.എസ്സിനുണ്ടെന്നുള്ള കാര്യം ആരും വിസ്മരിക്കേണ്ട.

പെരുന്ന
23.2.2019

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി